(സി) ഈ മില്ലുകൾ ആർക്ക് എന്ന് വിതരണം ചെയ്യുവെന്നും എന്ന് ഉല്പാദനം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രോജക്ടിലും വിതരണം ചെയ്തിട്ടുള്ള യന്ത്രങ്ങളുടെ വിവരങ്ങൾ, ഓരോ യൂണിറ്റിലും ഉല്പാദിപ്പിച്ച ചകിരി എന്നിവയുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) കയർ മേഖലയിൽ നില നിൽക്കുന്ന ചകിരി ക്ഷാമം പരിഹരിക്കാൻ ഡി-ഫൈബറിംഗ് മില്ലുകൾ എത്രത്തോളം പ്രയോജന പ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എൻ.സി.ആർ.എം.ഐ. വികസിപ്പിച്ച 200 മിനി ഡീഫൈബറിംഗ് മില്ലുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 43 യന്ത്രങ്ങൾ വിതരണം ചെയ്തു.

(സി&ഡി) ഓരോ പ്രോജക്ടിലും ആർക്കൊക്കെ, എന്നാണ് യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും, ഉല്പാദനം ആരംഭിച്ച തീയതി, ഓരോ യൂണിറ്റിലും ഉല്പാദിപ്പിച്ച ചകിരി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കയർ മേഖലയിൽ നിലനിൽക്കുന്ന ചകിരി ക്ഷാമം പരിഹരിക്കാൻ ഡീഫൈബറിംഗ് മില്ലുകൾ വളരെയധികം ഫലപ്രദമാണ്. എൻ.സി.ആർ.എം.ഐ.-യിൽ നിന്നും വിതരണം ചെയ്ത ഡീഫൈബറിംഗ് മില്ലുകൾ ഉപയോഗിച്ച് 928401.8 കിലോ ചകിരി ഉല്പാദിപ്പിച്ചിട്ടുണ്ട്.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രൊമോഷൻ

175(4806) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ മുൻ സർക്കാരിന്റെ കാലത്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര എൽ. ഡി. ക്ലാർക്കുമാരെ യു.ഡി. ക്ലാർക്കുമാരായും, പിന്നീട് എത്ര ദിവസം കഴിഞ്ഞ് ഫിനാൻസ് മാനേജർ, ഓഫീസ് മാനേജർ, വെൽഫയർ ഇൻസ്പെക്ടർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ പ്രമോഷൻ നൽകി നിയമിച്ചു; ഇത്രയും പ്രമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും നൽകുമോ; ഈ കാലയളവിൽ ഈ സ്ഥാപനത്തിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരം നടത്തിയ പ്രമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ, സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മേൽപറഞ്ഞ പ്രമോഷൻ നടത്തുവാൻ അധികാരമുണ്ടോ;

(ഡി) പ്രമോഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പു നടത്തിയ പരിശോധന റിപ്പോർട്ടിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഇ) അനധികൃത പ്രമോഷൻ നടത്തിയതിലൂടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനനഷ്ടം വരുത്തിയ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) അനധികൃതമായി നടത്തിയ പ്രമോഷൻ സംബന്ധിച്ച് ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(ജി) ടി പ്രമോഷൻ റദ്ദു ചെയ്യുമോ?

<u>ഉത്തരം</u>

(എ) 16-3-1996-ലെ ജി.ഒ.(എംഎസ്.) നമ്പർ 61/96/വ്യവ. പ്രകാരം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തിയ 22 എൽ.ഡി. ക്ലാർക്കുമാരിൽ 17 പേരെ 1-3-2005 പ്രാബല്യത്തോടെ 17-8-2006-ലെ ക്ഷേമനിധി ബോർഡിന്റെ CWB/E1/2011/2000 ഉത്തരവു പ്രകാരം യു.ഡി. ക്ലാർക്കുമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. തുടർന്ന് 25-മതു ദിവസം 17 യു.ഡി. ക്ലർക്കുമാരിൽ നിന്നും 12 പേർക്ക് സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകി. ടി പ്രൊമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും അനുബന്ധമായി ചേർക്കുന്നു. ഈ കാലയളവിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും ഇല്ല.

(ബി) പ്രൊമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി പ്രൊമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല. കൂടാതെ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രൊമോഷനുകൾ നടത്തുവാൻ അധികാരമില്ല.

(ഡി) പ്രസ്തുത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത് ചട്ടവിരുദ്ധമായ നടപടിക്രമം ആയതിനാലും ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും അംഗീകരിച്ചു കിട്ടാത്ത പരിഗണിച്ചും, ടി ജീവനക്കാരുടെ പ്രൊമോഷൻ സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, പ്രൊമോഷൻ കിട്ടിയ തസ്തികയിലെ ശമ്പളം സ്വീകരിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയ പ്രൊമോഷനുകൾ റദ്ദു ചെയ്യുന്നതിനും ടി ഇനത്തിൽ നൽകിയിട്ടുള്ള അധികവേതനം അടിയന്തരമായി തിരിച്ചു പിടിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശത്തിനുമേൽ ഇപ്രകാരം പ്രൊമോഷൻ ലഭിച്ച 12 ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചപ്പോൾ പ്രസ്തുത നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ടി ജീവനക്കാർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും താല്ക്കാലിക സ്റ്റേ വാങ്ങി അതത് തസ്തികയിൽ തുടർന്ന് പോരുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിപ്പകർപ്പ് ലഭിച്ചശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. പ്രസ്തുത കേസിന്മേൽ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വിധി ന്യായത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടില്ല.

(ജി) ഇതു സംബന്ധിച്ച ബഹു. ഹൈക്കോടതി വിധി പകർപ്പ് ലഭിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

കയർ മേഖലയുടെ സംരക്ഷണം

176(4807) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കയർ വ്യവസായ മേഖലയെ നിലനിർത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly